# നാം ദൈവപുരുഷന്മാരെ അനുഗമിക്കണോ അതോ യേശുവിനെ മാത്രം അനുഗമിക്കണോ?

സാക് പുന്നൻ

WFTW 16 ആഗസ്റ്റ് 2015

പഴയ ഉടമ്പടിയുടെ കീഴിൽ യിസ്രയേല്യർക്ക് അനുഗമിക്കാൻ കഴിഞ്ഞത് മോശെയിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം അവർക്കു നൽകിയ എഴുതപ്പെട്ട വചനം മാത്രമാണ്. 'എന്നെ അനുഗമിക്കുക' എന്നു ആർക്കും പറയാൻ കഴിഞ്ഞില്ല മോശെ, ഏലീയാവ്, സ്നാപകയോഹന്നാൻ എന്നീ ഏറ്റവും വലിയ പ്രവാചകർക്കുപോലും കഴിഞ്ഞില്ല. ദൈവവചനം മാത്രമായിരുന്നു അവരുടെ പാതയ്ക്കു പ്രകാശമായിരുന്നത് (സങ്കീ. 119:105).

എന്നാൽ യേശു വന്ന് ഒരു പുതിയ ഉടമ്പടി തുടങ്ങി വച്ചു. അവിടുന്ന് നമുക്കു ദൈവവചനം മാത്രമല്ല തന്നത്. എന്നാൽ അവിടുത്തെ സ്വന്തജീവിതം കൊണ്ട് നമുക്ക് അനുഗമിക്കുവാൻ ഒരു മാതൃകയും നൽകി. ''എന്നെ അനുഗമിക്കുക'' എന്നു ബൈബിളിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ വ്യക്തി അവിടുന്നു തന്നെ ആയിരുന്നു (മത്താ. 4:19; യോഹ. 21:19; ലൂക്കൊ. 9:23). അതുകൊണ്ടു പുതിയ ഉടമ്പടിയിൽ, നമുക്ക് എഴുതപ്പെട്ട വചനവും അതുകൂടാതെ യേശുവിൽ ജഡമായി തീർന്ന വചനവും നമുക്കുണ്ട് അല്ലെങ്കിൽ മറ്റു വാക്കുകളിൽ പറഞ്ഞാൽ നമ്മെ നയിക്കുവാനായി, ഒരു മനുഷ്യ ജീവിതത്തിൽ കാണാൻ പറ്റുന്നതാക്കിയ എഴുതപ്പെട്ട വചനം നമുക്കുണ്ട്.

അവിടുത്തെ അടുക്കലേക്കു വരാതെ വചനം പഠിക്കുക മാത്രം ചെയ്തതിനു യേശു പരീശന്മാരെ ശാസിച്ചു. ''നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു: അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു; എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല'' (യോഹ. 5:39,40).

യേശുവിന്റെ ജീവന്റെ ജീവനാണ് ഇന്നു നമ്മുടെ പാതയുടെ പ്രകാശം (യോഹ 1:4) അല്ലാതെ എഴുതപ്പെട്ട വചനം മാത്രമല്ല. ചില കാര്യങ്ങളിൽ, നമുക്ക് ദൈവവചനത്തിൽ വ്യക്തമായ ഒരു മാർഗ്ഗനിർദ്ദേശം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ നമുക്കു യേശുവിന്റെ ജീവിതത്തിലേക്ക് (പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടുത്തപ്പെട്ടതുപോലെ) നോക്കുവാൻ കഴിയും. അങ്ങനെ എപ്പോഴും നിങ്ങൾ ഒരുത്തരം കണ്ടെത്തും.

അതിനുമപ്പുറത്ത്, പുതിയ ഉടമ്പടിയിൽ, പൗലൊസിനെപ്പോലെയുള്ള ഒരു ദൈവമനുഷ്യനെ, ''ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ'' എന്നു പറയുവാൻ പരിശുദ്ധാത്മാവും കൂടെ പ്രചോദിപ്പിച്ചു. തന്നെയുമല്ല പരിശുദ്ധാത്മാവ് അദ്ദേഹത്തെക്കൊണ്ട് അതു മൂന്നു പ്രാവശ്യം പറയിച്ചു ക്രിസ്തുവിന്റെ കാൽച്ചുവടുകളെ പിൻതുടരുന്ന യഥാർത്ഥ ദൈവപുരഷന്മാരുടെ മാതൃകയും നാം അനുഗമിക്കണമെന്നുള്ള കാര്യത്തിന് ഊന്നൽ കൊടുക്കുവാനായിട്ടായിരുന്നു അത് (1കൊരി. 4:16; 1 കൊരി. 11:1; ഫിലി. 3:17).

ഒരു യഥാർത്ഥ പുതിയ ഉടമ്പടി ശുശ്രൂഷകൻ, എഴുതപ്പെട്ട വചനത്തിൽ ഉള്ള ദൈവത്തിന്റെ നിലവാരത്തെ പ്രഘോഷിക്കുക മാത്രമല്ല ചെയ്യുന്നത്. എന്നാൽ പൗലൊസ് പറഞ്ഞതുപോലെ 'ഞാൻ ക്രിസ്തുവിന്റെ അനുകാരി ആകുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ'' എന്നു പറയുകയും ചെയ്യും.

ചില ക്രിസ്ത്യാനികൾ പറയുന്നത് 'നാം ഒരു മനുഷ്യനെയും അനുഗമിക്കരുത്. നാം യേശുവിനെ മാത്രമേ അനുഗമിക്കാവൂ'' എന്നാണ്. അത് ആത്മീയമായ ഒരു പ്രസ്താവനപോലെ തോന്നുന്നു. എന്നാൽ അതു തീർത്തും ദൈവവചനത്തിന് വിരുദ്ധമാണ്. കാരണം തൊട്ടു മുമ്പ് നാം കണ്ടപോലെ പൗലൊസ് (പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട്) അദ്ദേഹത്തെ അനുകരിക്കുവാൻ നമ്മോടു പറഞ്ഞിട്ടുണ്ട്.

കൊരിന്തിലുള്ള ക്രിസ്ത്യാനികളോടു തന്നെ അനുഗമിക്കുവാനും അനുകരിക്കുവാനും പൗലൊസ് പറഞ്ഞതിന്റെ കാരണം അദ്ദേഹം അവരുടെ ആത്മീയ പിതാവായതു കൊണ്ടാണ്. ''നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല; ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്. ആകയാൽ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ എന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു'' (1 കൊരി. 4:15,16).ഒരാൾക്ക് ഒരു ബൈബിൾ ഉപദേഷ്ടാവിനെ അനുഗമിക്കുവാൻ സാധ്യമല്ല കാരണം അയാളുടെ പഠിപ്പിക്കലുകളെല്ലാം നല്ലതും കൃത്യവും ആണെങ്കിലും, തന്റെ ജീവിതംകൊണ്ട് അയാൾ ഒരു നല്ല മാതൃകയായിരിക്കണമെന്നില്ല. മുകളിലത്തെ വാക്യപ്രകാരം പതിനായിരം വേദപുസ്തക ഗുരുക്കന്മാരേക്കാൾ നല്ലത് ഒരു ആത്മീയ പിതാവാണ്. അതുകൊണ്ട് എല്ലാ ക്രിസ്ത്യാനികൽക്കും, പൗലൊസിനെപ്പോലെ, തന്റെ മാതൃക പിൻപറ്റാൻ കഴിയുന്ന ഒരു ആത്മീയ പിതാവുണ്ടായിരിക്കുന്നതു നല്ലതാണ്. അങ്ങനെയുള്ള ഒരു ആത്മീയ പിതാവിനെ പിൻഗമിക്കുന്നത്, നമ്മെ പാപത്തിൽ നിന്നും ദുരുപദേശത്തിൽ നിന്നു രക്ഷിക്കും.

താൻ ചെയ്യുന്നതുപോലെ ക്രിസ്തുവിന്റെ മാതൃകയെ പിൻതുടരണം. മറ്റു ദൈവപുരുഷന്മാരെയും പിൻതുടരുവാൻ പൗലൊസ് ക്രിസ്ത്യാനികളെ ഉത്സാഹിപ്പിച്ചു. അദ്ദേഹം പറഞ്ഞു: ''സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃക പ്രകാരം നടക്കുന്നവരിൽ നിന്നും പഠിക്കുവിൻ'' (ഫിലി . 3:17 ന്യു ലിവിംഗ് പരിഭാഷ ).

നമ്മെ നയിക്കുന്നവരെ അനുസരിക്കുവാനും അവരുടെ വിശ്വാസത്തെ അനുകരിക്കുവാനും കൂടെ ദൈവവചനം നമ്മോടു കൽപിക്കുന്നു.

''നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ'' (എബ്രാ. 13:17).

''നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ'' (എബ്രാ. 13:7).

ഒരു വ്യക്തിയുടെ ശുശ്രൂഷ അനുകരിക്കുവാനല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. കാരണം ദൈവം തന്റെ ഓരോ മക്കൾക്കും മറ്റൊരാൾക്കില്ലാത്ത അതുല്യമായ ശുശ്രൂഷയാണു നൽകുന്നത്. നമ്മുടെ മനുഷ്യശരീരത്തിനുള്ളതുപോലെ തന്നെ ക്രിസ്തുവിന്റെ ശരീരത്തിനും വ്യത്യസ്ത ധർമ്മങ്ങളുള്ള അവയവങ്ങളുണ്ട്. അവിടുന്നു ചെയ്തതുപോലെ അതിശയം ചെയ്യാനോ പ്രസംഗിക്കാനോ പോലും അല്ല അവരെക്കുറിച്ച് അവിടുന്നു പ്രതീക്ഷിക്കുന്നത്. അത് അവിടുത്തേയ്ക്കുള്ള ശുശ്രൂഷ ആയിരുന്നു. അവിടുന്ന് ആളുകളെ വിളിച്ചത് തന്റെ ജീവിതത്തിന്റെ മാതൃകയെ പിൻതുടരുവാനാണ് അതായത്, അവിടുന്നു ജീവിച്ച പ്രമാണങ്ങളാൽ ജീവിക്കുവാൻ, അതുപോലെ പൗലൊസ്, താൻ ക്രിസ്തുവിനെ അനുകരിച്ചതുപോലെ തന്നെ അനുകരിക്കുവനായി വിശ്വാസികളെ വിളിച്ചപ്പോൾ, അപ്പൊസ്തലന്മാരാകാനോ, രോഗികളെ സൗഖ്യമാക്കുവാനോ അല്ല അവരോടാവശ്യപ്പെട്ടത്. എന്നാൽ അദ്ദേഹം ജീവിച്ചതുപോലെ ജീവിക്കുവാനാണ് ക്രിസ്തു ജീവിച്ച ആ പ്രമാണങ്ങളാൽ ജീവിക്കുവാനാണ്.

മുകളിൽ പറഞ്ഞ വാക്യങ്ങളിൽ ദൈവപുരുഷന്മാരുടെ മാതൃകകളെ പിൻതുടരുവാൻ പരിശുദ്ധാത്മാവാണ് നമ്മോടു കല്പിച്ചിരിക്കുന്നത്. ദൈവപുരുഷന്മാരുടെ മാതൃകകളെ പിൻതുടരുവാൻ കഴിയാത്തവിധം നിഗളമുള്ളവർ സാധാരണയായി ജഡിക മനുഷ്യരെയോ അല്ലെങ്കിൽ അവരുടെ തന്നെ സ്വയ ജീവനിൽ നിന്നുണ്ടാകുന്ന പ്രേരണയെയോ പിൻതുടരുന്നവരായി അവസാനിക്കുന്നു. അപ്പോൾ അതിന്റെ ഫലം വിനാശകരമാകാനിടയുണ്ട്.

ഫിലിപ്യയിലുള്ള ക്രിസ്ത്യാനികളോടു തന്റെ തന്നെ മാതൃകയും മറ്റുള്ള ദൈവപുരുഷന്മാരുടെ മാതൃകയും പിൻതുടരുവാൻ പറഞ്ഞു കഴിഞ്ഞ ഉടനെ (ഫിലി. 3:17), മറ്റു ചിലരുടെ മാതൃകയെ പിൻതുടരരുതെന്ന് പൗലൊസ് അവർക്കു മുന്നറിയിപ്പു നൽകി: ''ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞുംകൊണ്ടു പറയുന്നു'' (ഫിലി. 3:15, 19).

ഏതു വധത്തിലും അവർ പൗലൊസിന്റെ മാതൃകയെ പിൻതുടരന്നിരുന്നെങ്കിൽ, ദൈവഭയമില്ലാത്ത മറ്റു മനുഷ്യരാൽ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് അവർ രക്ഷിക്കപ്പെടുമായിരുന്നു.

ഒരു മനുഷ്യൻ അനുകരിക്കപ്പെടുവാൻ തക്കവണ്ണം യോഗ്യതയുള്ള ആളാണോ എന്നു വിലയിരുത്തുവാൻ നിങ്ങൾക്കു കഴിയേണ്ടതിന് ഇവിടെ ഏഴു പരിശോധനകൾ തരുന്നു.

1) അയാൾ വിനീതനായ ഒരു മനുഷ്യനാണോ  എളുപ്പത്തിൽ സമീപിക്കാവുന്നതും, എളുപ്പത്തിൽ അയാളോടു സംസാരിക്കാവുന്നതുമായ ഒരുവനാണോ? യേശു നമ്മോടു പറയുന്നത് തന്നിൽ നിന്നു താഴ്മ പഠിക്കുവാനാണ് (മത്താ. 11:29). യേശുവിൽ നിന്നു താഴ്മ പഠിച്ചവനാണ് ഒരു യഥാർത്ഥ ദൈവമനുഷ്യൻ.

2) അയാൾ പണസ്നേഹത്തിൽ നിന്നു സ്വതന്ത്രനാണോ? കൂടാതെ അയാൾ ആരോടും ഒരിക്കലും പണം ആവശ്യപ്പെടാത്ത ഓരാളാണോ? (നിങ്ങൾക്കറിയാവുന്നിടത്തോളം). ഒരു ദൈവമനുഷ്യൻ, ഒരിക്കലും ആരോടും തന്റെ ശുശ്രൂഷയ്ക്കായി പണം ആവശ്യപ്പെട്ടിട്ടില്ലാത്തവനായ യേശുവിന്റെ മാതൃക പിൻതുടരും. ദൈവത്തെ സ്നേഹിക്കുന്നവനു പണത്തെ സ്നേഹിക്കുവാൻ കഴിയുകയില്ല എന്നും ദൈവത്തോടു പറ്റിച്ചേരുന്നവൻ പണത്തെ വെറുക്കും എന്നും യേശു പറഞ്ഞു (ലൂക്കൊ. 16:13).

3) അയാൾ തന്റെ ജീവിത്തിൽ നിർമ്മലനാണോ  പ്രത്യേകിച്ചു സ്ത്രീകളുമായുള്ള അയാളുടെ ഇടപാടുകളിൽ (നിങ്ങൾക്ക് അറിയാവുന്നിടത്തോളം?). ഒരു ദൈവമനുഷ്യൻ ലൈംഗിക മോഹത്തിനുള്ള പ്രലോഭനങ്ങളെ ഒഴിവാക്കും എന്നു മാത്രമല്ല അയാൾ അതു വിട്ട് ഓടിപ്പോകും (കൊരി. 2:2022).

4) അയാൾ വിവാഹിതനും മക്കളുള്ളവനുമാണെങ്കിൽ, അയാൾ തന്റെ മക്കളെ ദൈവവഴിയിലാണോ വളർത്തിക്കൊണ്ടു വന്നിട്ടുള്ളത്? ദൈവഭക്തനും, വിവാഹിതനുമായ ഒരു മനുഷ്യൻ, ശിക്ഷണത്തിന്റെ മാർഗ്ഗത്തിലൂടെ വളർത്തപ്പെട്ട, വിശ്വാസികളായ മക്കളുള്ളവനായിരിക്കും (1 തിമൊ. 3:4,5; തീത്തോസ് 1:6).

5) അയാളുടെ ഏറ്റവും അടുത്ത സഹപ്രവർത്തകർ, അയാളുമായുള്ള ബന്ധത്തിലൂടെ ദൈവഭക്തരായിത്തീർന്നിട്ടുണ്ടോ? തന്റെ ആത്മീയ പിതാവായ പൗലൊസിന്റെ കൂടെ ആയിരുന്നതിലൂടെ തിമൊഥെയോസ് ഒരു ദൈവമനുഷ്യനായിത്തീർന്നു (ഫിലി. 2:1922).

6) അയാൾ പുതിയ ഇടമ്പടി പ്രകാരമുള്ള ഒരു പ്രാദേശിക സഭ പണിതിട്ടുണ്ടോ? (അല്ലെങ്കിൽ അതു പണിയുന്നതിൽ മറ്റുള്ളവരുമായി അയാൾ സജീവ പങ്കാളിത്തത്തിലായിരുന്നോ?). യേശു ഭൂമിയിൽ വന്നത് അവിടുത്തെ സഭ പണിയുന്നതിനാണ് (മത്താ. 16:18). സഭ പണിയുന്നതിനുവേണ്ടി മരണത്തോളം തന്നെത്തന്നെ ഉപേക്ഷിച്ചു (എഫെ. 5:25). ഒരു ദൈവമനുഷ്യൻ ആളുകളെ ക്രിസ്തിവിലേക്കു കൊണ്ടു വരിക മാത്രമല്ല ചെയ്യുന്നത്. എന്നാൽ അവരെ ഒരു പ്രാദേശിക സഭയായി പണിയും.

7) അയാൾ നിങ്ങളെ അയാളോടു തന്നെ ബന്ധിക്കാതെ ക്രിസ്തുവിനോടാണോ ബന്ധിപ്പിക്കുന്നത്? നിങ്ങൾക്കു തന്നെ മറ്റുള്ളവർക്കു ദൈവീകമായ ഒരു മാതൃക ആയിത്തീരുവാൻ കഴിയേണ്ടതിന്, ദൈവഭക്തനായ ഒരാൾ നിങ്ങളെ ക്രിസ്തുവിനോടു ബന്ധിപ്പിക്കും.

അനേക ക്രിസ്തീയ നേതാക്കളെയും നമുക്കു പിൻഗമിക്കാൻ കഴിയുകയില്ല. കാരണം മുകളിൽ പറഞ്ഞ ഒന്നോ അതിലധികമോ മേഖലകളിൽ അവർ പരാജയപ്പെടുന്നു.

നിങ്ങൾ ഏതു വിധേനയും, മുകളിൽ പറഞ്ഞ ഗുണവിശേഷങ്ങളുള്ള ദൈവഭക്തനായ ഒരു നേതാവിനെ കണ്ടെത്തുകയാണെങ്കിൽ, ഒരു ആത്മീയ പിതാവെന്ന നിലയിൽ, അദ്ദേഹത്തെ പിൻഗമിക്കുന്നത് നിങ്ങൾക്കു നന്നായിരിക്കും. കാരണം അദ്ദേഹം നിങ്ങളെ കർത്താവിനോടു കൂടുതൽ അടുത്ത വരുവാൻ സഹായിക്കുകയും അങ്ങനെ പാപത്തിൽ നിന്നും ദുരുപദേശത്തിൽ നിന്നും നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുകയും ചെയ്യും.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.